**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

-------------------------------------------------------------

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 02 വ്യാഴം**

-------------------------------------------------------------

# ഏപ്രിൽ മാസത്തെ റേഷൻ വിതരണം ദീർഘിപ്പിച്ചു

ആലപ്പുഴ: 2019 ഏപ്രിൽ മാസത്തെ റേഷൻ വിതരണം മെയ് നാലു വരെ ദീർഘിപ്പിച്ചു. എല്ലാ വിഭാഗത്തിലുമുള്ള കാർഡുടമകൾക്കും ഏപ്രിൽ മാസത്തെ റേഷൻ മെയ് നാലുവരെ വാങ്ങാവുന്നതാണെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

# <u>വാഹന ലേലം</u>

ആലപ്പുഴ: അനധികൃതമായി ആറ്റു മണൽ കടത്തിയതിന് മണ്ണഞ്ചേരി പൊലീസ് കസ്റ്റഡിയിലെടുത്ത കെ.എൽ-04വൈ-8966 നമ്പർ വാഹനം മെയ് 10ന് രാവിലെ 11.30ന് ലേലം ചെയ്യും. മണ്ണഞ്ചേരി വില്ലേജാഫീസിലാണ് ലേലം.

# <u>വാഹന ലേലം</u>

ആലപ്പുഴ: അനധികൃതമായി ആറ്റു മണൽ കടത്തിയതിന് മണ്ണഞ്ചേരി പൊലീസ് കസ്റ്റഡിയിലെടുത്ത കെ.എൽ-04ഇസഡ്-8765 നമ്പർ വാഹനം മെയ് 10ന് രാവിലെ 11.00ന് ലേലം ചെയ്യും. മണ്ണഞ്ചേരി വില്ലേജാഫീസിലാണ് ലേലം.

# <u>വസ്തു ലേലം</u>

ആലപ്പുഴ: വില്പന നികുതി കുടിശിക ഈടാക്കുന്നതിനായി ചേർത്തല താലൂക്കിൽ അരൂർ വില്ലേജിൽ സർവ്വേ നമ്പർ 34/12ൽപ്പെട്ട 02.02 ആർസ് വസ്തു മെയ് എട്ടിന് പകൽ 11ന് അരൂർ വില്ലേജോഫീസിൽ ലേലം ചെയ്യും. ലേല വ്യവസ്ഥകൾ ചേർത്തല താലൂക്കാഫീസിൽ നിന്നും അരൂർ വില്ലേജാഫീസിൽ നിന്നും ഓഫീസ് പ്രവർത്തി ദിവസം രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ അറിയാം. വിശദവിവരത്തിന് ഫോൺ: 0478-2813103, 8547612212.

# സ്റ്റെനോഗ്രാഫി ഇംഗ്ലിഷ് ആൻഡ് കമ്പ്യൂട്ടർ ഓഫീസ് ഒട്ടോമേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ചെങ്ങന്നൂർ ഗവ. വനിത ഐ.ടി.ഐയിൽ ഹ്രസ്വകാല കോഴ്സായ സ്റ്റെനോഗ്രാഫി ഇംഗ്ലിഷ് ആൻഡ് കമ്പ്യൂട്ടർ ഓഫീസ് ഒട്ടോമേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മൂന്നു മാസമാണ് കാലാവധി. വനിതകൾക്ക് മാത്രമാണ് പ്രവേശനം. ഈ കോഴ്സ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ സ്റ്റെനോഗ്രാഫി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, എൽ.ഡി ടൈപ്പിസ്റ്റ് എന്ന തസ്തികകളിലേക്ക് സ്കിൽ ടെസ്റ്റിന് ട്രെയിനിസിനെ പ്രാപ്തരാക്കുന്നു. വിശദവിവരത്തിന് ഫോൺ: 0479- 2457496.

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ.ടി.ഡി. മെഡിക്കൽ കോളജ് ആശുപത്രിയിലെ ആവശ്യത്തിലേക്കായി സോപ്പ് പൗഡർ ഒരു കിലോ പാക്കറ്റ്- 350 എണ്ണം വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ മെയ് ഏഴിന് വൈകീട്ട് മൂന്നിനകം സൂപ്ര ് ഗവ.റ്റി.ഡി മെഡിക്കൽകോളജ്, ആശുപത്രി വ ാനം, ആലപ്പുഴ-5 എന്ന വിലാസത്തിൽ നൽകണം.

# വിദ്യാഭ്യാസ ആനുകൂല്യം: സ്കൂളുകൾ രേഖകൾ നൽകണം

ആലപ്പുഴ: 2019-20 സാമ്പത്തികവർഷം ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ പട്ടികവർഗ വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ അനുവദിച്ച വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യാനായി സ്കൂൾ സ്ഥാപന മേധാവികൾ രേഖകൾ ലഭ്യമാക്കണം. സ്കൂൾ സ്ഥാപന മേധാവിയുടെ ബാങ്ക് പാസ്ബുക്കിന്റെ ആദ്യപേജ് സ്വയം സാക്ഷ്യപ്പെടുത്തിയത്, ഐ.എഫ്.എസ്.സി കോഡ്, മൊബൈൽ ഫോൺ നമ്പർ, ഫോംനമ്പർ ഒന്നിൽ തയാറാക്കിയ വിദ്യാർഥികളുടെ പട്ടിക എന്നിവ ജൂൺ 18നു മുമ്പ് പുനലൂർ പട്ടികവർഗ വികസന ഓഫീസിൽ ലഭ്യമാക്കണം.

9,10 ക്ലാസുകളിലെ ര ുലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ വിദ്യാഥികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കാൻ വിദ്യാർഥിയുടെ വാർഷിക വരുമാനം ര ു ലക്ഷം രൂപയിൽ താഴെയാണെന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം, അല്ലെങ്കിൽ രക്ഷിതാവിന്റെ വരുമാന സർട്ടിഫിക്കറ്റ് വിദ്യാർഥികളുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ജൂലൈ 10നകം പുനലൂർ പട്ടികവർഗ വികസന ഓഫീസിൽ ലഭ്യമാക്കണമെന്ന് പട്ടികവർഗ വികസന ഓഫീസർ അറിയിച്ചു. ഫോൺ: 0475 2222353. വിലാസം: പട്ടികവർഗ വികസന ഓഫീസർ, മിനിസിവിൽ സ്റ്റേഷൻ, ര ാംനില, പുനലൂർ പി.ഒ. പിൻ: 691 305.

# ആറ് കിലോ കഞ്ചാവുമായി മലപ്പുറം സ്വദേശി എക്സൈസ് സംഘത്തിന്റെ പിടിയിൽ

ആലപ്പുഴ: ആറ് കിലോ ഗ്രാം കഞ്ചാവുമായി മലപ്പുറം സ്വദേശി തിരൂർ താലൂക്കിൽ മേൽമുറി വില്ലേജിൽ കപ്പൂർ വീട്ടിൽ സുൾഫിക്കർ (40) അറസ്റ്റിലായി. ആലപ്പുഴ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ വി.ജെ..റോയിയാണ് അറസ്റ്റ് ചെയ്തത്. ആലപ്പുഴ .കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പരിസരത്ത് നിന്നുമാണ് പ്രതിയെ പിടികൂടിയത്. എല്ലാ മാസവും ആദ്യ ബുധനാഴ്ച കെ.എസ്.ആർ.ടി.സി.,റെയിൽവേ സ്റ്റേഷൻ ,സ്റ്റേഡിയ, ബീച്ച് പ്രദേശങ്ങളിൽ ഉച്ചയ്ക്ക് 12മണിക്ക് മുമ്പ് എത്തുകയും ഇയാളെ പ്രതീക്ഷിച്ച് ഈ സമയത്ത് കഞ്ചാവു കച്ചവടക്കാർ ഇവിടങ്ങളിൽ എത്തുകയും പണം നൽകി കഞ്ചാവ് വാങ്ങുകയും ചെയ്യുക പതിവാണെന്ന സൂചന ലഭിച്ചതിനെത്തുടർന്നാണ് പരിശോധന നടത്തിയത്. ഇയാൾ ഇടപാടുകാരുടെ പേര് വിവരങ്ങൾ ചോദിച്ച് അറിയുകയോ സ്വന്തം വിലാസം വെളിപ്പെടുത്തുകയോ ഇല്ല. കുറച്ച് ദിവസം മുൻപ് അര കിലോ കഞ്ചാവുമായി പിടിയിയിലായ ഒരാളിൽ നിന്നും കിട്ടിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ദിവസങ്ങളായി എക്സൈസ് സംഘം പ്രദേശങ്ങളിൽ നിരീക്ഷണം നടത്തിവരുകയായിരുന്നു.

ഒരു കിലോ കഞ്ചാവ് 30000 രുപയ്ക്കാണ് ഇയാൾ വിറ്റിരുന്നത് .ആന്ധ്രാപ്രദേശിൽ നിന്നാണ് ഇയാൾ കഞ്ചാവ് എത്തിച്ചിരുന്നത്. മലപ്പുറത്തു നിന്നും വ്യാപകമായി കഞ്ചാവ് ആലപ്പുഴയ്ക്ക് വിതരണം ചെയ്യുന്നതായി എക്സൈസ് ഇന്റലിജൻസ് ബ്യുറോയുടെ രഹസ്യ വിവരവും ഉ ായിരുന്നു.അന്വേഷണം മലപ്പുറത്തേയ്ക്ക് വ്യാപിപ്പിക്കുമെന്നും ഇടനിലക്കാർ അടക്കം കൂടുതൽ പേർ ഉടൻ അറസ്റ്റിലാകുമെന്നും ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അബ്ദുൾ റഷീദ്. അറിയിച്ചു. സമീപ കാലത്ത് ആലപ്പുഴ എക്സൈസ് പിടികൂടിയ എറ്റവും വലിയ കേസ്സാണിത്.പ്രതിയെ ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ്സ് മജിസ്ട്രേറ്റ് കോടതി റിമാന്റ് ചെയ്തു. പരിശോധനയിൽ ഇന്റലിജൻസ് എക്സൈസ് .ഇൻസ്പെക്ടർ പ്രശാന്ത്, പ്രിവന്റീവ് ഓഫീസർമാരായ പി.എം.സുമേഷ്, റോയിജേക്കബ്, പി.സി.ഗിരീഷ്, എൻ.ബാബു, ഫെമിൻ, സിവിൽ എക്സൈസ് ഓഫീസർമാരായ ,ബി.എം.ബിയാസ്, ബി.സുബിൻ, ജയദേവ്.ആർ. സുധികുമാർ.പി.കെ.. എം.സി.ബിനു. വനിത സിവിൽ എക്സൈസ് ഓഫീസർ .സുലേഖ.എസ്, ഡ്രൈവർ.വി.പി. പ്രഭാത് എന്നിവരും പങ്കെടുത്തു.

# അശ്വമേധം പരിപാടി; കുഷ്ഠരോഗ നിർണ്ണയത്തിന് 93670 വീടുകൾ സന്ദർശിച്ചു

ആലപ്പുഴ: ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിൽ നടക്കുന്ന കുഷ്ഠരോഗ നിർണയ പരിപാടിയിൽ ഇതുവരെ 93670 വീടുകൾ സന്ദർശിച്ച് 311766 ആളുകളെ പരിശോധിച്ചു. സംശയാസ്പദമായ രോഗലക്ഷണങ്ങളുള്ള 1971 പേരെ ക ത്തുകയും ചെയ്തു. അവരെ ആരോഗ്യകേന്ദ്രങ്ങളിലേക്ക് വിദഗ്ദ്ധ പരിശോധനയ്ക്കായി എത്തിച്ച് രോഗനിർണ്ണയം നടത്തുകയും രോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യചികിത്സ നൽകുകയും ചെയ്യും. ഏപ്രിൽ 29 മുതൽ മെയ് 12 വരെ നടക്കുന്ന കുഷ്ഠരോഗ നിർണ്ണയ ഭവന സന്ദർശന പരിപാടിയുമായി എല്ലാവരും സഹകരിക്കണമെന്നും തൊലിപ്പുറത്തുള്ള നിറംമങ്ങിയതോ ചുവപ്പ് നിറമുള്ളതോ ആയ സ്പർശനശേഷി കുറഞ്ഞ പാടുകൾ അഥവാ തടിപ്പുകൾ, ചൊറിച്ചിൽ ഇല്ലാത്ത പാടുകൾ,തടിച്ചതും തിളക്കമുള്ളതുമായ ചർമ്മം, വേദനയില്ലാത്ത വ്രണം, കൈകാലുകളിലെമരവിപ്പ് എന്നീ ലക്ഷണങ്ങൾഉള്ളവർ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം സ്വയം

പരിശോധന നടത്തി കുഷ്ഠരോഗമല്ല എന്ന് ഉറപ്പുവരുത്തേ താണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു